
# ഗവൺമെന്റ് ഗേൾസ് ഹയർസെക്കന്ററി സ്കൂൾ


## വൈക്കം







# ചെരാത്



കോട്ടയം ജില്ലയിലെ വൈക്കം താലൂക്കിലെ വൈക്കം മഹാദേവ ക്ഷേത്രത്തിന്റെ വടക്കുഭാഗത്തു സ്ഥിതിചെയ്യുന്ന ഒരു സർക്കാർ വിദ്യാലയമാണ് ഗവഃ ഗേൾസ് ഹയർ സെക്കന്ററി സ്കൂൾ വൈക്കം .1962 ൽ സ്ഥാപിതമായ ഈ സ്കൂൾ ചരിത്രപരമായി മുൻപന്തിയിൽ നിൽക്കുന്ന ഒരു സ്ഥാപനമാണ് .

കോട്ടയം ജില്ലയിലെ ഒരു പ്രധാന പട്ടണം ആണ് വൈക്കം. വൈക്കം പ്രസിദ്ധമായിരിക്കുന്നത് ഇവിടത്തെ പ്രധാന തീർത്ഥാടന കേന്ദ്രമായ 'ദക്ഷിണ കാശി' എന്നറിയപ്പെടുന്ന വൈക്കം മഹാദേവക്ഷേത്രത്തിന്റെ പേരിലാണ്. 1924-ൽ ഇവിടെ നടന്ന വൈക്കം സത്യാഗ്രഹവും ഏറെ പ്രസിദ്ധമാണ്.

മൂന്ന് ഏക്കർ ഭൂമിയിലാണ് വിദ്യാലയം സ്ഥിതി ചെയ്യുന്നത്. ഹൈസ്കൂളിന് 2 കെട്ടിടങ്ങളിലായി 12 ക്ലാസ് മുറികളും ഹയർ സെക്കണ്ടറിക്ക് ഒരു കെട്ടിടത്തിലായി 6 ക്ലാസ് മുറികളുമുണ്ട്. ഒരു കളിസ്ഥലം വിദ്യാലയത്തിനുണ്ട്.

| |
|---|
| റവന്യൂജില്ല |
| കോട്ടയം |
| വിദ്യാഭ്യാസജില്ല |
| കടുത്തുരുത്തി |
| ഉപജില്ല |
| വൈക്കം |

# ഓണം വന്നേ ..........പൊന്നോണം



ഓണം വന്നേ തിരുവോണം
കേരളനാട്ടിൻ പൊന്നോണം
ഓണത്തപ്പനെ വരവേല്ക്കാൻ
ഓണപ്പൂക്കളമെഴുതേണ്ടേ
ഓണപ്പാട്ടുകൾ പാടണ്ടേ
ഓണക്കളികൾ കളിക്കണ്ടേ
വള്ളംകളിയതു കാണണ്ടേ
ഊഞ്ഞാലാടി രസിക്കണ്ടേ
ഓണസദ്യ കഴിച്ചു രസിച്ചു
ഓണപ്പാട്ടുകൾ പാടി രസിച്ചു
ഓണക്കളികൾ കണ്ടു രസിച്ചു
അങ്ങനെ അങ്ങനെ പൊന്നോണം
കണ്ടു രസിച്ചു കളിച്ചു ചിരിച്ചു

സ്റ്റെഫി വർഗീസ് ക്ലാസ്സ് 7



# ഇനിയും മതിയായില്ലേ

കേരളനാട് സുന്ദരനാട്
കേരനിരതൻ സുന്ദരനാട്
സ്ത്രീയാം മാതാവിൻ കണ്ണീര് വീണ്
ശാപം ലഭിച്ചൊരു നാട്
പിഞ്ചുപൈതലിനെ പിച്ചിച്ചീന്തുന്ന
കാപാലികരുടെ കൈകളിൽ
വിലങ്ങില്ലാത്തതെന്തൊരു ദുഃഖം
സമ്പത്ത് കുന്നുപോൽ നില്ക്കുമീ -
ക്രൂരർക്ക് രക്ഷയെച്ചൊല്ലി തർക്കമില്ല
ജാമ്യം ലഭിക്കുന്ന നിങ്ങൾ ഓർക്കുക..
പൈതലിൻജനനി തൻ കണ്ണീരിൻജ്വാല
ഓർക്കുക..നിങ്ങൾക്കുമുണ്ടാകും
ജനനിയും പെങ്ങളും മക്കളും
എന്നിട്ടും എന്തിനീ ക്രൂരത
ഇനിയും എന്തിനീ ക്രൂരത

ഗൗരിലക്ഷ്മിഭായ് ക്ലാസ്സ് 8



**അനന്യ വി എസ് ക്ലാസ്സ് 8**

# ചന്ദ്രയാൻ –3

ഇന്ത്യൻ ബഹിരാകാശഗവേഷണസംഘടന(ISRO)യുടെ ചാന്ദ്രപര്യവേക്ഷണദൗത്യമാണ്ചന്ദ്രയാൻ.ഈ പരമ്പരയിലെ അവസാനത്തെ ബഹിരാകാശപേടകമാണ് ചന്ദ്രയാൻ –3.ചന്ദ്രോപരിതലത്തിൽ സുരക്ഷിതമായ സോഫ്റ്റ് ലാന്റിംഗ് സാധ്യമാക്കുക,ചന്ദ്രനിൽ റോവർ ചലിപ്പിക്കുക,ലാന്റ് ചെയ്യുന്ന സ്ഥലത്ത് വിവിധശാസ്ത്രപരീക്ഷണങ്ങൾ നടത്തുക എന്നിവയാണ് ചന്ദ്രയാൻ–3ന്റെ ലക്ഷ്യങ്ങൾ.


2023 ജൂലൈ14ഉച്ചയ്ക്ക് 2.30 ന് ശേഷം ശ്രീഹരിക്കോട്ടയിലെ സതീഷ്ധവാൻ ബഹിരാകാശനിലയത്തിൽ നിന്നായിരുന്നു വിക്ഷേപണം 2023 ആഗസ്റ്റ് 23വൈകുന്നേരം 6.04 ന് ചന്ദ്രയാൻ–3 ചന്ദ്രനിൽ ഇറങ്ങി.

"അഭിമാനനിമിഷം
വാനോളം ഉയർന്ന് ഇന്ത്യ"


ഋതുനന്ദ വി ക്ലാസ്സ് 8



# മുല്ലപ്പൂവിന്റെ സങ്കടം



ഒരു തോട്ടത്തിൽ ഒരു മുല്ലച്ചെടിയും റോസച്ചെടിയും ഉണ്ടായിരുന്നു. മുല്ലച്ചെടിക്ക് കൂട്ടുകാരില്ലായിരുന്നു.റോസച്ചെടിക്ക് ധാരാളംകൂട്ടുകാരുണ്ടായിരുന്നു. മുല്ലച്ചെടിയിൽ ഒരു പൂവുപോലും ഇതുവരെ ഉണ്ടായിട്ടില്ല.ആശിച്ച് മോഹിച്ച് മുല്ലച്ചെടിയിൽ ഒരു മൊട്ട് വന്നു.ആ സമയത്തുതന്നെ റോസച്ചെടിയിലും മൊട്ട് വന്നു.രണ്ട് പൂമൊട്ടുകളും വിരിഞ്ഞു.



റോസയും കൂട്ടുകാരും മുല്ലയെ എപ്പോഴും കളിയാക്കിയിരുന്നു.അയ്യേ വെള്ള നിറമുള്ള നിന്നെ കാണാൻ ഒരു ഭംഗിയുമില്ല അവർപറഞ്ഞു.മുല്ലയ്ക്ക് സങ്കടം വന്നു.എന്നാലും അവൾ അവരോട് ദേഷ്യപ്പെട്ടില്ല.അങ്ങനെയിരിക്കേ തോട്ടത്തിന്റെ ഉടമസ്ഥനും ഭാര്യയുംതോട്ടം സന്ദർശിക്കാനെത്തി.തോട്ടക്കാരന്റെ ഭാര്യ "ഹായ് !" "എന്ത് നല്ല മണം" എന്ന് പറഞ്ഞുകൊണ്ട് മുല്ലപ്പൂ പറിച്ച് തലയിൽ ചൂടി.ഇതുകണ്ട് റോസച്ചെടി നാണിച്ചുപോയി.

വേദാഞ്ജലി ക്ലാസ്സ് 7

# സായാഹ്നകാഴ്ചകൾ


അക്കരെ മലയിലെ സൂര്യനെ കാണാനായ്
ഒന്നു പോയി ഞാൻ അവിടം വരെ
ചുവന്നു തുടുത്തൊരു ഗോളം പോൽ
സായാഹ്നസൂര്യൻ തുടുത്തു നിന്നു
പ്രാവുകൾ കുരുവികൾ തത്ത തുടങ്ങിയ
പക്ഷികളൊന്നായ് പറന്നുതാണു
തങ്കക്കിടാങ്ങളെ കാണുവാനായ്
മേഘം പല നിറമായ് ഒരുങ്ങിനിന്നു
അമ്പിളിമാമനെ വരവേല്ക്കാൻ
വാനംചുവന്നുതുടുത്തിരുന്നു
മേയും പശുക്കളും വീട്ടിലെത്തി
ഞാനും നടന്നു വേഗം വേഗം
കാത്തിരിക്കുന്ന ജനനിയെ കാണാൻ
ഉമ്മറത്തു വിളക്കു തെളിച്ചമ്മ
എന്നെയും കാത്തങ്ങിരിക്കയാണ്
സായാഹ്നകാഴ്ചകൾ എന്തു മനോഹരം
ഇന്നീ പ്രവാസലോകത്ത്
എവിടെയാണ് കിളികൾ
എവിടെയാണ് സായാഹ്നം
എന്റെ ഗ്രാമം തന്നെ എനിക്കിഷ്ടം

ഗൗരിലക്ഷ്മീഭായ് ക്ലാസ്സ് 8



# എന്റെ ഗ്രാമം





# സ്ത്രീ ശാക്തീകരണം

സ്വതന്ത്ര ഇന്ത്യയുടെ 67-)o വർഷത്തിലും ജനസംഖ്യയുടെ പകുതിവരുന്ന സ്ത്രീസമൂഹംവിദ്യാഭാസമില്ലാത്ത,വരുമാനമില്ലാത്ത, തൊഴിലില്ലാത്ത ,അധികാരമില്ലാത്ത,സ്വയംനിർ ണ്ണയാവകാശമില്ലാത്ത,സുരക്ഷിതത്വമില്ലാത്ത,സ്വ ത്തവകാശമില്ലാത്തവിഭാഗമായിതുടരുന്നു.അധി കാരസ്ഥാപനങ്ങളിലെ കേരളസ്ത്രീയുടെ അദൃശ്യത വളരെ പ്രകടമായ ഒന്നാണ്. നിയമസഭയിൽ 141 ൽ ഏഴ് പേർ മാത്രം. പാർലമെന്റിലേയ്ക്ക് കേരളം അയച്ചത് രണ്ട്ത്രീകളെയും.വനിതഎം.പി ഇല്ലാത്തകാലഘട്ടങ്ങളാണ്കൂടുതൽ.രാഷ്ട്രീയ,സാം സ്കാരിക,സാമ്പത്തികസ്ഥാപനങ്ങളുടെ തലപ്പത്ത് സ്ത്രീകൾ അപൂർവ്വമായേ ഉള്ളൂ.

വരുമാനവും തൊഴിലും സ്ത്രീയുടെ അടിസ്ഥാന ആവശ്യങ്ങളാണ് എന്ന് അംഗീകരിക്കുമ്പോഴും കേരളത്തിലെ സ്ത്രീകൾ ഈ മേഖലയിൽ ഏറെ പിന്നിലാണ്. ഇനി വരും നാളുകളിൽ എല്ലാ മേഖലകളിലും സ്ത്രീ പങ്കാളിത്തം ഉണ്ടായേതീരൂ.സാക്ഷരത,വിദ്യാഭാസം,പരിശീല നം, അവബോധംസൃഷ്ടിക്കൽ എന്നിവയിലൂടെ സ്ത്രീകളുടെ പദവി ഉയർത്താൻ സ്ത്രീ ശാക്തീകരണം സഹായിക്കുന്നു.സ്ത്രീയുടെ പ്രകൃതിപരമായ ശാരീരികമാനസികസവിശേഷതകൾ ഉൾക്കൊണ്ടായിരിക്കണം സ്ത്രീ ശാക്തീകരണം നടത്തേണ്ടത്.വനിതസംവരണബിൽ പാസാകുന്നതുമൂലം വിപുലമായ മാറ്റം രാജ്യത്തുണ്ടാകും. ഇതുമൂലം പകുതിയിലധികം വരുന്ന സ്ത്രീകളുടെ പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ കഴിയും.

ശക്തമായ ഒരു സമൂഹത്തെ രൂപപ്പെടുത്തുന്നതിന് സ്ത്രീ ശാക്തീകരണം വളരെയധികം പ്രധാനമാണ്. സ്ത്രീകൾക്കെതിരായ വർദ്ധിച്ചുവരുന്ന കുറ്റകൃത്യങ്ങൾ തടയുന്നതിനുള്ള ശ്രമങ്ങൾ ശക്തിപ്പെടുത്തുന്നതിന് അടിസ്ഥാനതലങ്ങളിൽ ഫലപ്രദമായ നയങ്ങൽ നടപ്പിലാക്കേണ്ടതുണ്ട്. സ്ത്രീകളുടെ രാഷ്ട്രീയ പ്രാതിനിധ്യം മെച്ചപ്പെടുത്തേണ്ടതുണ്ട്.നിലവിലുള്ള സമൂഹത്തിലെ വിടവുകൾ നികത്തി സുസ്ഥിരവികസനം കൈവരിക്കുന്നതിൽ സ്ത്രീ ശാക്തീകരണം അനിവാര്യമാണ്. വനിതസംവരണബിൽ "നാരീശക്തി വന്ദൻ അധിനിയം" ലോകസഭ പാസ്സാക്കിയത് നിയമനിർമ്മാണത്തിലെ ചരിത്രപരമായ ഒരേടാണ്.

നവലക്ഷ്മി എസ് നായർ ക്ലാസ്സ് 9



# മാറുന്ന ലോകം.........മാറേണ്ട കേരളം

ആദ്യം വേണ്ടത് ലോകം മാറുകയാണ് എന്ന് അറിയുകയും അംഗീകരിക്കുകയുമാണ്. പുതിയ തലമുറയ്ക്ക് വിടെ, എന്തു സംഭവിച്ചാലും ഉടൻ അറിയാം. ചുറ്റും അറിവുണ്ടെന്ന കരുതി അത് നമ്മിലേയ്ക്ക് ഇടിച്ചുകയറുകയില്ല. മാറുന്നതിനനുസരിച്ച് ലോകത്തെ നമ്മൾ ശ്രദ്ധിക്കണം.മാറുന്ന ലോകത്തെ കേരളത്തിൽ ഇരുന്ന് പ്രതിരോധിക്കാം എന്ന ചിന്തയും മാറണം.സാങ്കേതികവിദ്യകൾ മാറുന്നതിനനുസരിച്ച് ലോകത്തെ പറ്റിയുള്ള നമ്മുടെ കാഴ്ചപ്പാടുകളും മാറ്റിയേ പറ്റൂ. തൊഴിൽജിവിതത്തെ പറ്റിപ്രത്യേകിച്ചും മാറ്റം അനിവാര്യമാണ്.ചെറുതായി വരുന്ന കംപ്യൂട്ടറുകൾ, വികസിച്ചുവരുന്ന കൃത്രിമബുദ്ധി, വർദ്ധിച്ചുവരുന്ന റോബോട്ടുകളുടെ ഉപയോഗം എന്നീ കാരണങ്ങളാൽ ലോകത്തുള്ള തൊഴിലുകളിൽ പകുതിയുംഅടുത്ത തലമുറയ്ക്ക് അപ്രത്യക്ഷമാകും എന്നാണ് ഗവേഷണങ്ങൾ സൂചിപ്പിക്കുന്നത്.

അഞ്ചുവർഷം മുൻപ് ആളില്ലാക്കാറുകൾ വെറുംസ്വപ്നമായിരുന്നു.ഇപ്പോൾ അത് വിജയകരമായിവലിയ നഗരങ്ങളിൽ ഓടുന്നു. കാറും ബസ്സും ട്രയിനും കംപ്യൂട്ടർ നിയന്ത്രിക്കുന്ന കാലം അകലെയല്ല.ഡ്രൈവർ എന്ന തൊഴിലിനെപ്പറ്റി പുതിയ തലമുറ ചിന്തിക്കേണ്ടി വരികയില്ല. പെട്രോളിന്റെ വിലകയറി വരുമ്പോഴാണ് ഇലക്ട്രിക് വാഹനങ്ങളുടെ വരവ്. ഇതോടെ ചില കമ്പനികൾ പെട്രോൾ,ഡീസൽ വാഹനങ്ങൾ ഉല്പ്പാദിപ്പിക്കാതെയായി.മധ്യേഷ്യയിലെ സമ്പദ് വ്യവസ്ഥകൾ പിന്നോട്ട് പോവുകയുംമറ്റുവികസിതരാജ്യങ്ങളിൽകുടിയേറ്റത്തിനെതിരെ മതിലുകൾ ഉയരുകയും ചെയ്താൽ തൊഴിലന്വേഷിക്കുന്ന കേരളത്തിലെ പുതിയ തലമുറ എന്താണ് ചെയ്യേണ്ടത്? ആദ്യം ലോകം മാറുകയാണ് എന്ന കാര്യം മനസ്സിൽ പതിപ്പിക്കുക.ഏത് തൊഴിൽരംഗത്തേയ്ക്ക് പോകണമെങ്കിലും അറിവും ഴിദ്യാഭ്യാസവും കൂടുതൽ നേടി ഏറ്റവും വേഗത്തിൽ തൊഴിൽരംഗത്ത് എത്താനാണ് നാം ശ്രമിക്കേണ്ടത്. തൊഴിൽ ലഭിച്ചാൽ തൊഴിൽരംഗത്ത് വരുന്ന മാറ്റങ്ങൾക്കനുസരിച്ച് കൂടുതൽ അറിവുനേടണം.


മാറ്റങ്ങൾ സർവ്വസാധാരണമാണ്. എന്നാൽ മാറ്റങ്ങൾ മറ്റു പലതിനേയും ഉപദ്രവിക്കാതെ ശ്രദ്ധിക്കണം.മാറേണ്ടത് കേരളീയരാണ്. പുതുതലമുറയിൽ നിന്നാണ് മാറ്റങ്ങൾ തുടങ്ങേണ്ടത്.ഭാവിയെപ്പറ്റി വ്യാകുലപ്പെടുമ്പോൾ ഭൂതകാലം മറക്കരുത്.മാറ്റങ്ങൾ നമ്മുടെ വിശ്വാസങ്ങൾക്കും പ്രകൃതിക്കും ജനതയ്ക്കും തകർച്ച സംഭവിക്കാൻ ഇടയാക്കരുത്.ഓർക്കുക ഇത് കേരളമാണ്,ഒട്ടേറെ മഹാരഥന്മാരുടെ കാലടികൾ പതിഞ്ഞ മണ്ണാണ്.മാറ്റങ്ങൾ അനിവാര്യമാണ്.എന്നാൽ ആ കാലടികൾ മാഞ്ഞുപോകാൻഇടവരുത്തരുത്.

ശ്രീലക്ഷ്മി വി ക്ലാസ്സ് 9

# ഇവർ സ്കൂളിന്റെ അഭിമാനം





ഉപജില്ലമേള വിജയികൾ



കബഡി ടീം



ഖോ-ഖോ ടീം





സ്കേറ്റിംഗ് പരിശീലനം





